സ്വാതന്ത്ര്യം സാങ്കേതിക വിദ്യയിലൂടെ നേടിയെടുക്കണം

-എം.കെ. വിമൽ ഗോവിന്ദ്
മേധാവി, ഇൻഫോസിസ്

പുതിയകാലത്ത് സ്വാതന്ത്ര്യത്തിന്റെ അർഥം മാറി. വിചാരിച്ച കാര്യങ്ങൾ ചെയ്യാൻ കഴിയുക, വിചാരിച്ച സ്ഥലങ്ങളിലൊക്കെ എത്തുക, സമൂഹത്തിലെ പ്രശ്നങ്ങൾ അതിജീവിക്കുക എന്നതൊക്കെയാണ് പുതുതലമുറ സ്വാതന്ത്ര്യമായി കരുതുന്നത്. എല്ലാവർക്കും തുല്യ അവസരം നൽകാൻ സാങ്കേതികവിദ്യക്ക് എന്തൊക്കെചെയ്യാൻ കഴിയുമെന്നാണ് നോക്കേണ്ടത്.

ജനാധിപത്യ മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കണം

-നിതിൻ ഫാത്തിമ
കാലിക്കറ്റ് സർവകലാശാലാ യൂണിയൻ ചെയർപേഴ്സൺ

ജനാധിപത്യ മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും മാനവികമൂല്യങ്ങൾ വളർത്തലുമുള്ള ശ്രമങ്ങളുടെ ഭാഗമാവുകയും അതിന് നേതൃത്വം നൽകുകയുമാണ് യുവതലമുറയുടെ കടമ. ഇതിനായി ചരിത്രബോധവും രാഷ്ട്രബോധവുമുള്ളവരുമാകണം. സ്വാതന്ത്ര്യം നേടി 78 വർഷം പിന്നിടുമ്പോഴും വിദ്യാഭ്യാസമുൾപ്പെടെയുള്ള അടിസ്ഥാന അവകാശങ്ങൾപോലും വലിയൊരുവിഭാഗത്തിനു ലഭ്യമാവുന്നില്ല.

സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി കണ്ണൂർ സെയിന്റ് ആഞ്ചലസ് കോട്ടയിൽ ത്രിവർണ പതാക തെളിഞ്ഞപ്പോൾ

ഇന്നത്തെ പരിപാടി

- **കണ്ണൂർ സ്പോർട്സ് കൗൺസിൽ ഓഡിറ്റോറിയം** ഓറം കേരള എം.എൽ.എസ്.പി. അസോസിയേഷൻ ജില്ലാ സമ്മേളനം 10.30
- **കണ്ണൂർ താണ എം.ഇ.എസ്. നോളജ് സെൻറർ** പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർഥികൾക്ക് അവാർഡ് ദാനം 2.30.
- **കണ്ണൂർ താണ ഇൻഫോസിറ്റി** എസ്.വൈ.എസ്. ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജനാധിപത്യ പാഠശാല 2.30.
- **അഴീക്കോട് നിർമക്കടവ് ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ** ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് എ.ആർ. അവ്വുതന്നും ഭാര്യ ഷൈലിത അവ്വുതന്നും സൗജന്യമായി നൽകുന്ന ഭൂമിദാനമാറ്റം ഉദ്ഘാടനം. കെ.വി. സുമേഷ് എം.എൽ.എ. 4.00.
- **ചിറക്കൽ ബാങ്ക് ഹാൾ** അഴീക്കോട് മണ്ഡലത്തിലെ ലൈബ്രറികൾക്ക് എം.എൽ.എ. പദധതിയിൽ പുസ്തകവിതരണം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി 11.00.
- **അഴീക്കോട് പുതപ്പാറ ഗാന്ധിമന്ദിരം** സ്വാതന്ത്ര്യദിനാഘോഷം. പ്രഭാഷണം, കുട്ടികൾക്ക് ദേശഭക്തിഗാന മത്സരം 11.45.
- **അഴീക്കോട് മയിലാടത്തേം** നന്മ അഴീക്കോടും മയിലാടത്തേം ശിവയോഗി വിലാസം വായനശാലയും ചേർന്നുള്ള സ്വാതന്ത്ര്യദിനാഘോഷം. കുട്ടികൾക്ക് ക്വിസ്, ദേശഭക്തിഗാന മത്സരങ്ങൾ 9.00.

നാളെത്തപരിപാടി

- **അഴീക്കോട് കച്ചേരിപ്പാറ ഗ്രാൻഡ് വില്ല അങ്കണം** മാലിന്യമുക്ത കേരള-ശിൽപശാല 9.30.

വിഭജന സ്മൃതിസദസ്സും മൗനജാഥയും

ബി.ജെ.പി. ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ത്യാവിഭജന സ്മൃതിദിനം

കണ്ണൂർ▸ ബി.ജെ.പി. ജില്ലാ കമ്മിറ്റി വിഭജന സ്മൃതിസദസ്സും മൗനജാഥയും സംഘടിപ്പിച്ചു. കണ്ണൂർ മഹാത്മാമന്ദിരത്തിൽ വിഭജന സ്മൃതിസദസ്സ് സംസ്ഥാന വക്താവ് അഡ്വ. വി.പി.ശ്രീപഴീനാഥൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡന്റ് എൻ.ഹരിദാസ് അധ്യക്ഷത വഹിച്ചു. ദേശീയസമിതിയംഗം എ.ദാമോദരൻ, മേഖലാ ജനറൽ സെക്രട്ടറി കെ.കെ. വിനോദ് കുമാർ, സംസ്ഥാനസമിതിയംഗങ്ങളായ പി.സത്യപ്രകാശ്, അഡ്വ. ശ്രീധരപൊതുവാൾ, സി.നാരായണൻ, ജില്ലാ ജനറൽ സെക്രട്ടറിമാരായ എം.ആർ.സുരേഷ്, ബിജു ഏളക്കുഴി എന്നിവർ സംസാരിച്ചു.

ദുരന്തബാധിതർക്ക് അക്ഷരസ്നേഹത്തിന്റെ കരുതൽ

പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ് പുന്നക്കണ്ടം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് മുകുന്ദന് മാതൃഭൂമി സെക്രട്ടറി പി.കെ. വിജയനും കൈമാറുന്നു

കണ്ണൂർ▸ വയനാട് ദുരന്തബാധിതരെ സഹായിക്കാൻ പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ് സ്വന്തം ശേഖരത്തിലെ ഒന്നരലക്ഷത്തിലധികം വിലവരുന്ന ആയിരത്തിലധികം പുസ്തകങ്ങൾ നൽകി.

ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് മുകുന്ദൻ മാതൃഭൂമി സെക്രട്ടറി പി.കെ. വിജയനും ചേർന്ന് പുസ്തകങ്ങൾ ഏറ്റുവാങ്ങി. കണ്ണൂർ താലൂക്ക് സെക്രട്ടറി എം. ബാലൻ, പ്രസാദ് കൂടാളി, ബബിഷ്, വിജു പ്രവീൺ, ഇസ്മൈല, ബേബി ലിസ, സുരജ്, ചിത്ര എന്നിവർ പങ്കെടുത്തു.

വയനാട് ജില്ലാ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ദുരന്തബാധിതേമഖലയിലും നിർദിഷ്ട ടൗൺഷിപ്പിലും സ്ഥാപിക്കുന്ന ലൈബ്രറികൾക്കായി പുസ്തകങ്ങളാണ് കൈമാറും.

രക്തദാന ക്യാമ്പ്

കണ്ണൂർ▸ ബ്ലഡ് ഡോണേഴ്സ് കേരള ജില്ലാ കമ്മിറ്റിയും എസ്.എം.എം. ഡെഡിക്കേറ്റഡ് ഡെഡിക്കേറ്റഡ് സെന്ററും ചേർന്ന് ജില്ലാ ആസ്പത്രി ബ്ലഡ് ബാങ്കിന്റെ സഹകരണത്തോടെ 15-ന് സന്നദ്ധ രക്തദാന ക്യാമ്പ് നടത്തും. ഉളിക്കൽ എഫ്.എം.സി. ഡെഡിക്കേറ്റഡ് സെന്ററിൽ രാവിലെ 10-ന് ക്യാമ്പ് തുടങ്ങും. രക്തദാനം നടത്താൻ 9947223623, 8606713450 എന്നിൽ നമ്പറുകളിൽ ബന്ധപ്പെടണം.

സിനിമ

കണ്ണൂർ-N.S.:
- വേദ (മി) 11.30, 2.00, 5.00, 7.30, 10.00

ലിബർട്ടി ഡയമണ്ട് കണ്ണൂർ
- നൂൺഷോകൾ (മ) 11.00, 2.00, 7.45, 10.30

ലിബർട്ടി പ്ലാറ്റിനം
- തങ്കലൻ (മ) 11.00, 2.00, 7.45, 10.30

സവിത
- വാഴ 11.30, 2.30, 5.30, 8.45

സരോജ
- തണ്ടേലിൽ 11.30, 2.30, 5.30, 8.30

നജ്മത്ത
- നൂൺഷോകൾ 11.30, 2.30, 6.00, 8.30

നന്ദിത
- Double eyemart 11.30,
- അടിയോന് അഭിഷേകം 2.30, 5.30, 8.30

അലങ്കൃത - ലിബർട്ടി പ്രമോഷൻസ്
- തങ്കലൻ 11.30, 2.45, 6.00, 9.30

ലിബർട്ടി മിറ്റിൽ പ്രമോഷൻസ്
- നൂൺഷോകൾ (മ)

ലിബർട്ടി സ്വപ്ന
- ADIOS AMIGO 11.30, 2.45, 6.00, 9.30

ലിബർട്ടി സോൾവി
- വാഴ (മ)

ലിബർട്ടി മിനി പ്രമോഷൻസ്
- Demonte Colony 2 11.30, 2.45, 6.00, 9.30

അലങ്കൃത - MAGIC FRAMES
- Adios Amigo (Malayalam) 10.30, 4.10
- Demonte Colony 2 2.40, 5.10
- നൂൺഷോകൾ 10.00, 12.15, 7.40, 10.00
- Stree 2 (Hindi) 2.30
- തങ്കലൻ (മ) 7.00, 9.45
- വാഴ 10.10, 12.30, 7.45, 10.00
- Vedaa 5.00

കൃഷ്ണപ്രഭാ - ബേബി സിനിമാസ്
- നൂൺഷോകൾ (മ) 10.30, 1.00, 7.00, 9.30
- തങ്കലൻ 10.00, 4.00, 6.30
- VAAZHA 1.00, 4.00, 7.00

ഉണ്ണൂർക് MAGIC FRAMES SAHINA
(AC 2K 3D atmos Book my show)
- തങ്കലൻ (മ) 11.00, 2.00, 5.00, 8.00
- നൂൺഷോകൾ 11.30, 2.30, 6.00, 8.30

തളിപ്പറമ്പ് : ആകിബിൽ
- തങ്കലൻ(മ) 10.45, 1.15, 4.45, 7.45

ആകിബിൽ പ്രമോഷൻസ്
- വാഴ (മ) 10.45, 1.45, 4.45, 7.45

ക്ലാസിക്
- നൂൺഷോകൾ 10.30, 1.30, 4.30, 7.30

ശ്രീനൻ
- Adios Amigo 10.30, 1.30, 4.30, 7.30

ആലക്കോട് - ഫിലിംസിറ്റി
(AC 4K 3D atmos) Ph: 0460 2970000
- ADIOS AMIGO (മ) 10.30, 1.30, 4.30, 7.30
- ദേവദൂതൻ 10.30, 1.00, 4.00, 7.00

ചെറുവത്തൂർ-പടക്കോൾ 2K-3D7.t: 04672280247
- നൂൺഷോകൾ (മ) 11.00, 2.00, 4.30, 7.30, 9.45

നാട്ടുവർത്തമാനം

വില്ലേജ് ഓഫീസിനെ മറച്ച് പരസ്യബോർഡുകൾ

വഴിയാത്രക്കാർക്ക് കഷ്ടപ്പാട്

ചാല▸ ചാല ടൗണിലെ ചെമ്പിലോട് വില്ലേജ് ഓഫീസിനെ മറച്ച് പരസ്യബോർഡുകൾ. നിരവധി ബോർഡുകളാണ് ഇവിടെ നടപ്പാതയിൽ സ്ഥാപിച്ചത്. കോടികാലം ചെലവഴിച്ച് നിർമിച്ച നടപ്പാതയുടെ കൈവരികളിലാണ് ഇവ. ബോർഡുകൾക്കാലം മറച്ചതിനാൽ വില്ലേജ് ഓഫീസ് കാണാത്ത സ്ഥിതിയാണ്.

വിവിധ ആവശ്യങ്ങൾക്കായി നിരവധി ആളുകളാണ് വില്ലേജ് ഓഫീസിൽ എത്തുന്നത്. ഇരുചക്രവാഹനങ്ങൾക്കടക്കം പാർക്കിങ്ങിനുള്ള സ്ഥലമാണിത്. ഇവിടെ വരുന്നവർക്കും ബോർഡുകൾ തടസ്സമാകുന്നു. ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലെ വിവിധ ഓഫീസുകളുടെ പേരുവിവരങ്ങൾ സൂചിപ്പിക്കുന്ന ബോർഡും ഇവിടെയുണ്ട്. പരസ്യബോർഡുകൾക്കാരണം ഇതും കാണാൻ കഴിയുന്നില്ല. ലഹരി ഉപയോഗത്തിനെതിരേ വില്ലേജ് ഓഫീസിന്റെ മതിലിൽ ചിത്രങ്ങൾ വരച്ചിട്ടുണ്ട്. ഇതും മറച്ചാണ് ബോർഡുകൾ കൈക്കൊള്ളുന്നില്ല.

ചാല ടൗണിൽ ചെമ്പിലോട് വില്ലേജ് ഓഫീസിനെ മറച്ച് സ്ഥാപിച്ച പരസ്യബോർഡുകൾ

രാഷ്ട്രീയപാർട്ടികളുടെയും അനുബന്ധ സംഘടനകളുടെയും പോസ്റ്ററുകളാണ് കൂടുതലും. നിയമങ്ങൾ പാലിക്കാതെ ബോർഡുകൾ സ്ഥാപിക്കുന്നവർക്കെതിരേ അധികൃതർ ഒരു നടപടിയും കൈക്കൊള്ളുന്നില്ല.

രാമായണപാരായണം

- **കണ്ണൂർ തളാപ്പ് സുന്ദരേശ്വര ക്ഷേത്രം** വൈകിട്ട് 5.00.
- **ഹനുമാൻ ദേവസ്ഥാനമായ കണ്ണൂർ സന്താർഗദർശന സഹോദര ആശ്രമം** രാവിലെ.
- **ചേലോറ സോമേശ്വരിക്ഷേത്രം** വൈകിട്ട് 5.30.
- **കടമ്പൂർ കുഞ്ഞിക്കാട്ടിൽ യോഗീശ്വര ഗുരുസ്ഥാനം** വൈകിട്ട് 5.00.
- **വലിയന്നൂർ മഹാദേവിക്ഷേത്രം** വൈകിട്ട് 5.30.
- **കിഴുന്ന ആലികൽ യോഗീശ്വര സന്നിധാനം** വൈകിട്ട് 5.00.
- **അലവിൽ കളത്തിൽകാവ്** വൈകിട്ട്.
- **കടമ്പൂർ പുതിലാട്ട് മടപ്പുര ക്ഷേത്രം** 5.30.

സംക്രമപൂജ

ചാല▸ കൊറ്റുകുന്ന് ആദിമൂലി യാടൻ ക്ഷേത്രത്തിൽ സംക്രമപൂജ വ്യാഴാഴ്ച രാവിലെ 10-ന് നടക്കും. 11-ന് ഗുളികൻപൂജയുണ്ടാകും.

കോട്ട▸ തൃണയിയിൽ മാണിയത്ത് ഭൈരവാടി പഞ്ചമൂർത്തി ക്ഷേത്രത്തിലെ ചിങ്ങമാസ സംക്രമ പൂജ വെള്ളിയാഴ്ച നടക്കും. രാവിലെ ഒൻപതിന് ഗുരുപൂജ, 10-ന് ഭൈരവാടിപൂജ, 11-ന് ഗുളികൻ പൂജ തുടർന്ന് തേങ്ങയുട്ട്.

മഹാഗണപതി ഹോമം

കൂടാളി▸ കൂടാളി താറ്റോട് മഹാവിഷ്ണുക്ഷേത്രത്തിൽ രാമായണമാസാചരണവും പൂജയും വ്യാഴാഴ്ച നടക്കും. രാവിലെ എഴിന് മഹാഗണപതി ഹോമം, വൈകിട്ട് താറ്റോട്ടപ്പന് ശ്രീരാമാവതാര ചന്ദനച്ചാർത്തും സർവൈശ്വര്യപൂജയും നടത്തും.

വയനാടിനായി മണിപ്പൂരിന്റെ മെഴുകുതിരിവെട്ടം; ഒരു ലക്ഷം രൂപ കൈമാറി

കണ്ണൂർ▸ വയനാടിന്റെ തീരാവേദനയിൽ പങ്കുചേരാനായി മെഴുകുതിരി തെളിച്ചും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സഹായധനം കൈമാറിയും കണ്ണൂരിലെ മണിപ്പൂർ വിദ്യാർഥികൾ. കണ്ണൂർ സർവകലാശാലയ്ക്കു കീഴിൽ വിവിധ കോളേജുകളിൽ പഠിക്കുന്ന മണിപ്പൂർ വിദ്യാർഥികളാണ് കളക്ടറേറ്റിലെത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സഹായധനം കൈമാറിയത്. കളക്ടറേറ്റ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ എ.ഡി.എം. കെ.നവീൻബാബുവിന് വിദ്യാർഥികൾ ഒരു ലക്ഷം രൂപ സഹായം കൈമാറി. ഇരുപതോളം വിദ്യാർഥികൾ ചടങ്ങിൽ പങ്കെടുത്തു. മഞ്ചേശ്വരത്ത് എൽഎൽബി. വിദ്യാർഥിയായ ഗൊലുണ്ടൻ ഹാഓകിപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ പഠിക്കുന്ന മണിപ്പൂരി വിദ്യാർഥികളിൽനിന്നും ശേഖരിച്ച തുകയാണ് സഹായധനമായി നൽകിയത്. കലാപകലുഷിതകാലത്ത് തങ്ങളെ ചേർത്തുനിർത്തിയത് കേരളമാണെന്നും കേരളത്തിൽ ഇത്തരമൊരു ദുരന്തം ഉണ്ടാവുമ്പോഴ തങ്ങളാൽ ആവുന്നത് ചെയ്യാൻ തങ്ങൾ ബാധ്യസ്ഥരാണെന്നും വിദ്യാർഥികൾ പറഞ്ഞു. വയനാട് ദുരന്തത്തിൽ മരിച്ചവരോടുള്ള ആദരസൂചകമായി മണിപ്പൂരിലെ പരമ്പരാഗത ആചാര പ്രകാരം മണിപ്പൂരി ഷോളും വിദ്യാർഥികൾ കൈമാറി. കണ്ണൂർ സർവകലാശാല വിദ്യാർഥിക്ഷേമ വിഭാഗം ഡയറക്ടർ ഡോ. നഫീസ മബിയുടെ നേതൃത്വത്തിലാണ് വിദ്യാർഥികൾ എത്തിയത്.

നന്ദി പ്രകാശം... വയനാട് ദുരന്തബാധിതരായവർക്ക് മെഴുകുതിരിയുമായി കണ്ണൂർ കളക്ടറേറ്റിലെത്തിയ മണിപ്പൂരി വിദ്യാർഥികൾ ദീപം തെളിച്ചപ്പോൾ

രാമായണ പ്രശ്നോത്തരി

എടക്കാട്▸ കർക്കടകമാസാചരണത്തിന്റെ ഭാഗമായി ഊർപഴച്ചിക്കാവിൽ വ്യാഴാഴ്ച ഉച്ചയ്ക്ക് 2.30-ന് രാമായണ പ്രശ്നോത്തരിയും പാരായണമത്സരവും നടത്തും. യു.പി., ഹൈസ്കൂൾ, ഹയർസെക്കൻഡറി, മുതിർന്നവർ വിഭാഗങ്ങളിലാണ് മത്സരം. പങ്കെടുക്കുന്നവർ 2.15-ന് ക്ഷേത്രത്തിലെത്തണം.

സമാപനം 16-ന്

അഞ്ചരക്കണ്ടി▸ കക്കോത്ത് കക്കുന്നത്ത് ഭഗവതിക്ഷേത്രത്തിൽ രാമായണമാസ സമാപനവും മിഥുന വിഷുക്കണിയും നേടിയ കൃതികൾക്കുള്ള അനുമോദനവും വെള്ളിയാഴ്ച വൈകിട്ട് അഞ്ചിന് നടക്കും. തുടർന്ന് അന്നദാനവും കലാസന്ധ്യയും ഉണ്ടാകും.

വൈദ്യുതി മുടങ്ങും

മുണ്ടയാട്▸ ഞായറാഴ്ച രാവിലെ ഒൻപത് മുതൽ വൈകിട്ട് അഞ്ച് വരെ 110 കെ.വി. സബ് സ്റ്റേഷൻ അഴീക്കോട്, 33 കെ.വി. സബ് സ്റ്റേഷൻ കണ്ണൂർ ടൗൺ എന്നിവിടങ്ങളിൽ വൈദ്യുതി മുടങ്ങും.

റെയിൽവേ സ്റ്റേഷനിലേക്ക് മാർച്ച് നടത്തി

സി.ഐ.ടി.യു. ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ റെയിൽവേ സ്റ്റേഷനിലേക്ക് നടത്തിയ മാർച്ച് സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറി കെ.പി.സഹദേവൻ ഉദ്ഘാടനംചെയ്യുന്നു

കണ്ണൂർ▸ സി.ഐ.ടി.യു. ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ റെയിൽവേ സ്റ്റേഷനിലേക്ക് മാർച്ചും പ്രകടനവും നടത്തി. പാലക്കാട് റെയിൽവേ ഡിവിഷൻ ഇല്ലാതാക്കാനുള്ള നീക്കം ഉപേക്ഷിക്കുക, റെയിൽവേ വികസനത്തിൽ കേരളത്തോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കുക, മാലിന്യസംസ്കരണത്തിൽ റെയിൽവേ കാണിക്കുന്ന നിരുത്തരവാദിത്വം അവസാനിപ്പിക്കുക, ശുചീകരണം ഗതിയെ കരാർവൽക്കരണം ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് മാർച്ചും ധർണയും സംഘടിപ്പിച്ചത്.

സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറി കെ.പി.സഹദേവൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് സി.കൃഷ്ണൻ അധ്യക്ഷത വഹിച്ചു.

കെ.മനോഹരൻ, സി.ബി. ചന്ദ്രബാബു, അരക്കൻ ബാലൻ, കെ.അശോകൻ, ഇ. സുരേഷ് അത്കുമാർ, കെ.ജയരാജൻ, എസ്.ടി.ജെയ്സൺ തുടങ്ങിയവർ നേതൃത്വം നൽകി.

കൂടാളി പഞ്ചായത്ത് അഞ്ച് ലക്ഷം നല്കി

കൂടാളി▸ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കൂടാളി പഞ്ചായത്ത് അഞ്ച് ലക്ഷം രൂപ നൽകി. പഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്. 2,33,680 രൂപയും ഒപ്പം ഹരിതകർമസേന 18,000 രൂപയും ജനപ്രതിനിധികൾ വേതനം 28,000 രൂപയുമാണ് നൽകിയത്. പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഷൈമയിൽനിന്ന് കെ.കെ. ശൈലജ എം.എൽ.എ. ഏറ്റുവാങ്ങി.

മണ്ണോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. വേലായുധൻ, കീഴല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. മീന, കെ.സി. രാജശ്രീ, എം. രതീഷ്, സി. ഷിജു എന്നിവർ പങ്കെടുത്തു.

വിശിഷ്ടസേവനത്തിന് മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് അർഹരായവർ; 1. പി.ആർ. ശ്രീനാഥ് (സിനിയർ സിവിൽ പോലീസ് ഓഫീസർ, ക്രൈംബ്രാഞ്ച് സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം- കണ്ണൂർ) 2. ടി.പി. സുമേഷ് (ഇൻസ്പെക്ടർ, വളപട്ടണം പോലീസ് സ്റ്റേഷൻ) 3. സി.പി. സുനിൽകുമാർ (കണ്ണൂർ വെള്ള ഡിവൈഎസ്പിയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അംഗം) 4. സതീഷ്കുമാർ ആലക്കാൽ (സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി. കണ്ണൂർ റൂറൽ)

വീട് കുത്തിത്തുറന്ന് കവർച്ച

കണ്ണാടിപ്പറമ്പ്▸ പൂട്ടിയിട്ട വീട് കുത്തിത്തുറന്ന് സ്വർണവും പണവും കവർന്നു. തൃശ്ശൂരിലെ തളിക്കുളം യു.ജി. ഗോപിനാഥും കുടുംബവും താമസിക്കുന്ന കണ്ണാടിപ്പറമ്പ് വയപ്രത്തെ വാടകവീട്ടിലാണ് കവർച്ച നടന്നത്. മുൻവശത്തെ വാതിൽ കുത്തിത്തുറന്ന് അകത്തുകടന്ന മോഷ്ടാവ് മുറിയിലെ അലമാരയിൽ സൂക്ഷിച്ച ഒൻപത് ഗ്രാം തൂക്കമുള്ള മൂന്ന് മോതിരങ്ങളും 26,000 രൂപയുമാണ് കവർന്നത്.

രണ്ടിന് വീട് പൂട്ടി തൃശ്ശൂരിലേക്ക് പോയതായിരുന്നു. കഴിഞ്ഞ ദിവസം തിരിച്ചെത്തിയപ്പോഴാണ് മോഷണം നടന്നതായി അറിയുന്നത്.

മയ്യിൽ പോലീസ് പരിശോധന നടത്തി.

ചക്രക്കസേര നൽകി

കണ്ണൂർ▸ മലബാർ കാൻസർ സെന്ററിൽ വളരെ അവശതയിലെത്തുന്ന രോഗികൾക്ക് വാട്സാപ്പ് കൂട്ടായ്മ പുതിയതെരുവിന്റെ പ്രവർത്തകർ മൂന്ന് വമ്പക്കസേര നൽകി. ഗ്രൂപ്പ് അഡ്മിൻ ജിയാസും പ്രജിനയും ചേർന്ന് കാൻസർ സെന്റർ അഡ്മിനിസ്ട്രേറ്റർ അനിത, നഴ്സിങ് സൂപ്രണ്ട് ഷൈനി ദേവി എന്നിവർക്ക് കൈമാറി. നൗഷാദ് പുതിയതെരു, അരുൺ കോടിയേരി, റിജേഷ് തലശ്ശേരി എന്നിവർ പങ്കെടുത്തു.

കടമ്പൂർ സ്കൂൾ പ്രിൻസിപ്പലിനെ മർദിച്ചതായി പരാതി

കണ്ണൂർ▸ കടമ്പൂർ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലിനെ രക്ഷിതാവും സഹ അധ്യാപകനും ചേർന്ന് മർദിച്ചതായി പരാതി. പ്രിൻസിപ്പൽ ഷാജു വിനാണ് മർദനമേറ്റത്. സഹ അധ്യാപകനായ രഘുനാഥും വിദ്യാർഥിയുടെ രക്ഷിതാവ് പ്രവീണും ചേർന്ന് മർദിച്ചതായാണ് പരാതി.

ബുധനാഴ്ച രാവിലെ 10.30-ന് രഘുനാഥും പ്രവീണും കൂടി വിദ്യാർഥികളെ മാനേജരുടെ വീട്ടിൽ കൂട്ടിക്കൊണ്ടുപോകുന്നത് പ്രിൻസിപ്പൽ തടഞ്ഞതിനെത്തുടർന്നാണ് മർദനമെന്നാണ് പരാതി. എട്ടക്കാട് പോലീസ് കേസെടുത്തു.

കെ.വി.എസ്.ടി.എ. പ്രതിഷേധിച്ചു

കടമ്പൂർ സ്കൂൾ പ്രിൻസിപ്പൽ കെ.പി. ഷാജുവിനെ അക്രമിച്ചതിൽ കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി പ്രതിഷേധിച്ചു. മാനേജരുടെ ഒത്താശയോടെ നടന്ന ആക്രമണത്തിൽ അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കണമെന്നും സ്കൂളിന്റെ താത്കാലിക മാനേജറെ അയോഗ്യനാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് യു.കെ. ബാലചന്ദ്രൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് കെ. രമേശൻ, സംസ്ഥാന സെക്രട്ടറിമാരായ പി.വി. ജ്യോതി, എം.കെ. അരുണ്, ജില്ലാ സെക്രട്ടറി കി.വി. ഷാജി, രജിഷ് കാളിയത്താൻ, പി.പി. ഹരിലാൽ, എം.വി. സുനിൽകുമാർ, ദിനേശൻ പച്ചോറം, കെ. ദീപ തുടങ്ങിയവർ സംസാരിച്ചു.

തളിപ്പറമ്പ് ആർട്സ് & സയൻസ് കോളേജ്, കാഞ്ഞിരങ്ങാട് സീറ്റ് ഒഴിവുകൾ

തളിപ്പറമ്പ് ആർട്സ് & സയൻസ് കോളേജ്, കാഞ്ഞിരങ്ങാട് എം.എ.ഇംഗ്ലീഷ്, എം.കോം, ബി.എസ്സിസി കമ്പ്യൂട്ടർ സയൻസ്, ബി.എ ഇംഗ്ലീഷ്, ബി.എ. ഇക്കണോമിക്സ്, ബി.ബി.എ ഗോൾഡ് & ടൂറിസം എന്നീ കോഴ്സുകളിലേക്ക് എന്തെങ്കിലും സീറ്റ് ഒഴിവുണ്ട്. താൽപര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ഓഫീസിൽ ഹാജരാകേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക്: 8590988504, 9447850387

ഹൈദരബാദ് യാത്ര
16/09/2024 (4ദിവസം)
(Ac Bus / Ac Room)
കൊടൈക്കനാൽ
രാക്കെത്തേട്ട്, പഴുത്തും പാറ കഥം, തേനി, വാൽപ്പാറ
16/09/2024 (4ദിവസം)
ഫ്ലൈ, ജമ്മു, രാജേന്ദ്രം,അയ്യപ്പകോട്ടി
21/09/2024 (4ദിവസം)
തിരുപ്പതി യാത്ര
29/09/2024 (4ദിവസം)
ശ്രീഗുരു ട്രാവൽസ്
പഴയ ബസ്റ്റ് സ്റ്റാന്റ്, കണ്ണൂർ - 1
Ph : 0497 2712666
Mob : 944 720 3398

Admission Guidance
MD MS MDS MBBS BDS
MD (Ayurveda/Homoeo)
BTech, BArch, Poly
MBA,MCA,MPH,MHA,MPT
BBA, BCA, CPL, AME BHM, BEd
Pharm D, BVSc, BSc Agri
Diploma/BSc/MSc/PhD
Nursing, Cardiac, Radiology
Respiratory, Dialysis, OT & AT, MLT
Nuclear Medicine, Pharmacy
MSc Med (Mic, Bio/Bio Che./Phy./Anatomy)
MPhil Clinical Psychology
NEWPORT
EDUCATIONAL GUIDANCE
Opp.Sub Registrar Office, Kannur 2
0497 2760950, 94466 12345, 62822 00588

SOUTH INDIAN Bank
റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, പാലയ്ക്കൽ ടെമ്പിൾ റോഡ്, കണ്ണൂർ പിൻ: 670 004, കേരള, ഫോൺ: 0497 2703333/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
ഡബ്ല്യു. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ജി.പി.ഒ. മാവൂർ, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2439020
E-mail: sibcorporate@sib.co.in, Website: www.southindianbank.com
വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(1)]
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്റസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ